## പതിമൂന്നാം കേരള നിയമസഭ
## 15- ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2130** — **07.12.2015 ൽ മറുപടിയ്ക്ക്**

## പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി വിൻസെന്റ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ടി.എൻ. പ്രതാപൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കേരളം നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ഏതെല്ലാം ; | (എ) പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.<br>i. കാലാവസ്ഥാ വ്യതിയാനം<br>ii. പരിസ്ഥിതി മലിനീകരണം<br>iii. കുന്നിടിക്കുക, ക്വാറിയിംഗ് തുടങ്ങിയ മാനുഷിക പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ<br>iv. ജൈവ സമ്പത്തിന്റെ നശീകരണം<br>v. ഖരദ്രവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ സംസ്കരണം.<br>vi. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം. |
| (ബി) പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എത്ര സർക്കാർ ഏജൻസികൾ ഉണ്ട്; വിശദമാക്കുമോ ; | (ബി) സർക്കാർ ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു:<br>i. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (സ്റ്റാറ്റ്യൂട്ടറി അതോറിറ്റി)<br>ii. ശുചിത്വ മിഷൻ (സംസ്ഥാന സർക്കാർ സ്ഥാപനം)<br>iii. ഡയറക്ടറേറ്റ് ഓഫ് എൻവയൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച്<br>iv. കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്<br>v. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയൺമെന്റ്<br>ഇതിനു പുറമെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി എന്നീ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളും നിലവിലുണ്ട്. |

| | |
|---|---|
| (സി) പ്ലാസ്റ്റിക് റീസൈക്ലിംഗ് സംബന്ധിച്ച് പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം എന്തെല്ലാം ? | (സി) ക്ലീൻ കേരള കമ്പനി മുഖേന ലോഗ്രേഡ് ഉൾപ്പെടെ 187 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ 02.10.2014 മുതലുള്ള കാലയളവിൽ ശേഖരിച്ച് അംഗീകൃത ഏജൻസികൾ മുഖേന പുന:ചംക്രമണത്തിനു നൽകിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ പ്ലാസ്റ്റിക് പ്രോസ്സസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ശാസ്ത്രീയമായി റീസൈക്ലിംഗ് നടത്തുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുള്ളതും പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതുമാണ്. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടവും, മറ്റു പശ്ചാത്തല സൗകര്യവും ലഭിക്കുന്ന മുറയ്ക്ക് ഇതര സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ